# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2248

18.07.2016-ൽ മറുപടിക്ക്

## ഭവന നിർമ്മാണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഒ. ആർ. കേളു<br>,, പി.ടി.എ.റഹീം<br>,, മുരളി പെരുനെല്ലി<br>,, പി. ഉണ്ണി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സാർവ്വത്രികമായ ഭവന നിർമ്മാണത്തിലൂടെ ഭവനരഹിതർക്ക് സമയബന്ധിതമായി വീട് വച്ച് നൽകുന്നതിനുള്ള പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കാൻ ഉദ്ദേശിയ്ക്കുന്നതെന്ന് വ്യക്തമാക്കാമോ;<br><br>(സി) സർക്കാർ പദ്ധതിയിൽ ഉൾപ്പെട്ടതും എന്നാൽ പൂർത്തിയാക്കാത്തതുമായ വീടുകൾ പൂർത്തീകരിക്കുന്നതിനും സബ്സിഡി കുടിശിക വിതരണം ചെയ്യുന്നതിനും പ്രത്യേക പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (ബി) യും (സി) യും സംസ്ഥാനത്ത് എല്ലാവർക്കും വീട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ഭൂരഹിതരായ ബി.പി.എൽ വിഭാഗത്തിലുള്ള 75,000 കുടുംബങ്ങൾക്കായി ബഹുനില അപ്പാർട്ടുമെന്റുകളും ഭൂമി സ്വന്തമായുള്ള ബി.പി.എൽ/താഴ്ന്ന വരുമാന വിഭാഗത്തിലുള്ള 75,000 കുടുംബങ്ങൾക്കായി പലിശ സബ്സിഡി നൽകുന്ന ഭവന വായ്പകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ദരിദ്രരിൽ ദരിദ്രരായവർക്കായി ഒരു വാർഡിൽ ഒരു വീട് എന്ന പദ്ധതി പ്രകാരം 22,000 വീടുകളും അനുവദിക്കുന്ന "എല്ലാവർക്കും വീട്" പദ്ധതിയുടെ ഒന്നാംഘട്ടം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി 2 സെന്റ് ഭൂമി സ്വന്തമായുള്ള ബി.പി.എൽ. വിഭാഗത്തിലുള്ളവർക്ക് 7000 വീടുകൾ നിർമ്മിച്ച് നൽകുവാൻ ഉദ്ദേശിക്കുന്നു. ഇതിന് ആവശ്യമായ റവന്യൂ സമാഹരണം 2015-2016 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ചുമത്തിയിട്ടുള്ള ഒരു രൂപ അധിക വില്പന നികുതിയുടെ 50%-ൽ നിന്നുമായിരിക്കും. ഈ പദ്ധതിയിൽ |

ഉൾപ്പെടുത്തുന്ന വീടുകളുടെ യൂണിറ്റ് കോസ്റ്റ് 3.25 ലക്ഷം രൂപ സർക്കാർ സഹായവും, 35000 രൂപ കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതവും ചേർത്ത് 3.60 ലക്ഷം രൂപയാണ്.

എം.എൻ. ലക്ഷം വീട് പദ്ധതിയിൽ മുൻപ് പൂർത്തിയാക്കിയതും നാശോന്മുഖമായതിനാൽ പുനർനിർമ്മാണം അത്യാവശ്യമായതുമായ വീടുകൾക്ക് മുൻഗണന നൽകിയും ബാക്കിയുള്ള വീടുകൾ ജനസമ്പർക്ക പരിപാടിയിൽ ഭവന നിർമ്മാണത്തിന് അപേക്ഷിച്ചവർക്കും, ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി ലഭിച്ചവർക്കും, അവർ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടതും രണ്ട് സെന്റ് ഭൂമിയെങ്കിലും ഉണ്ടെങ്കിൽ 'എല്ലാവർക്കും വീട്'എന്ന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 50:50 എന്ന അനുപാതത്തിൽ നിർമ്മാണ സഹായം അനുവദിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി പ്രകാരം വീട് ലഭ്യമാക്കേണ്ട ഗുണഭോക്താക്കളുടെ യോഗ്യതാലിസ്റ്റ് തയ്യാറാക്കുവാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.
ഹഡ്കോ/ദേശസാൽകൃത ബാങ്കുകളിൽ നിന്നും വായ്പ സമാഹരിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്.

Sulekha S

സെക്ഷൻ ഓഫീസർ